# കേരള സർക്കാർ

## തൊഴിലും പുനരധിവാസവും (ആർ) വകുപ്പ്

## വിജ്ഞാപനം

സ.ഉ. (സാധാരണ) നമ്പർ. 3143/2007/തൊഴിൽ തിരുവനന്തപുരം, 2007 ഒക്ടോബർ 24.

എസ്.ആർ.ഒ.നമ്പർ. /2007. - 2006-ലെ കേരള ഷോപ്പ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് (2006-ലെ 24-ാം ആക്റ്റ്) 9-ാം വകുപ്പ് (1) -ാം ഉപവകുപ്പും 2007-ലെ കേരള ഷോപ്പ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ 16 -ാം ഖണ്ഡികയും കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച് കേരള സർക്കാർ, സംസ്ഥാന തൊഴിൽ വകുപ്പിലെ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ഓഫീസർമാരെ, കേരള ഷോപ്പ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഇൻസ്പെക്ടർമാരായി അവരവരുടെ അധികാരപരിധികളുള്ളിൽ ചുമതല നൽകി, നിയമിച്ചു കൊള്ളുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി.കെ.വിശ്വനാഥൻ,
ഗവൺമെന്റ് സെക്രട്ടറി.

# വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള ഷോപ്പ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനായി സംസ്ഥാന തൊഴിൽ വകുപ്പിലെ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ഓഫീസർമാരെ കേരള ഷോപ്പ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഇൻസ്പെക്ടർമാരായി അവരവരുടെ അധികാര പരിധിക്കുള്ളിൽ ചുമതല നൽകി നിയമിക്കുന്നതിനു സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.